(ബി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്

(ബി) 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തൊട്ടാകെ 366 വർഗ്ഗീയ സംഘട്ടനങ്ങളും നടന്നു.

പിറവം ഫയർ സ്റ്റേഷൻ

28. [46] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പിറവം ഫയർ സ്റ്റേഷനു പുതിയ കെട്ടിടവും ക്വാർട്ടേഴ്സും പണിയുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പിറവം ഫയർ സ്റ്റേഷനു പുതിയ കെട്ടിടവും ക്വാർട്ടേഴ്സും പണിയുന്നതിനാവശ്യമായ സ്ഥലം നാളിതുവരെ ലഭ്യമായിട്ടില്ല.

ചോറ്റാനിക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ

29. [47] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ചോറ്റാനിക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ ആവശ്യകത കണക്കിലെടുത്ത് ഈ വർഷംതന്നെ ഈ ആവശ്യം നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) മുളംതുരുത്തി പോലീസ് സ്റ്റേഷനിൽ നിന്നും, ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽനിന്നും അധികം ദൂരെയല്ലാത്തതും, ക്രമസമാധനത്തിന്റെ കാര്യത്തിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലാത്തതുമായ ചോറ്റാനിക്കരയിൽ പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ആലുവായിൽ സബ് കോടതി

30. [48] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ മേഖലകൂടിയായ ആലുവായിൽ ഒരു സബ് കോടതി ആരംഭിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ബി) ആലുവായുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത കോടതി സ്ഥാപിക്കുവാൻ ആലുവായ്ക്ക് മുൻഗണന നൽകുമോ ?

ഉത്തരം

(എ, ബി) ഹൈക്കോടതി മുൻഗണന ക്രമത്തിൽ തയ്യാറാക്കി ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പുതിയ കോടതികളും തുടങ്ങുന്നത്. ആലുവയിൽ പ്രത്യേകം ഒരു സബ് കോടതി തുടങ്ങേണ്ട ആവശ്യമുണ്ടെന്നു ഗവൺമെന്റ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly